**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തൊഴിലും നൈപുണ്യവും വകുപ്പ്- വ്യാവസായിക പരിശീലനം - 2020-21 പരിശീലന വർഷത്തെ ഐ.ടി.ഐ പ്രവേശനത്തിന് മുന്നാക്ക വിഭാഗങ്ങളിലെ പിന്നാക്കക്കാർക്ക് (Economically Weaker Sections) 10% സംവരണം നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (സി) വകുപ്പ്**

**സ.ഉ.(കൈ) നം.31/2020/തൊഴില്** തീയതി,തിരുവനന്തപുരം, 16/06/2020

---

പരാമർശം:- 1) സ.ഉ.(എം.എസ്) നം. 2/2020/ഉ.ഭ.പ.വ. തീയതി 12.02.2020

2) ട്രെയിനിംഗ് ഡയറക്ടറുടെ 19.05.2020 ലെ ഡിടി/2686/2019- സി1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സംസ്ഥാനത്ത് മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് (Economically Weaker Sections) 10% സംവരണം നടപ്പിലാക്കുന്നത് സംബന്ധിച്ച് മാനദണ്ഡങ്ങളും വ്യവസ്ഥകളും പ്രതിപാദിച്ച് പരാമർശം - 1 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിലെ വ്യവസ്ഥകളിൽ ക്രമ നമ്പർ - 20 ആയി ഓരോ വകുപ്പും തങ്ങളുടെ വകുപ്പിനു കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഈ സംവരണം നടപ്പിലാക്കുന്നത് ഉറപ്പാക്കുന്നതിനാവശ്യമായ ഉത്തരവ് പുറപ്പെടുവിക്കാൻ നിർദ്ദേശിച്ചിരുന്നു. വ്യാവസായിക പരിശീലന വകുപ്പിനു കീഴിലുള്ള ഐ.ടി.ഐ. കളിൽ 2020 പരിശീലന വർഷത്തെ ഓൺലൈൻ അഡ്മിഷൻ പോർട്ടൽ സോഫ്റ്റ് വെയർ, പ്രോസ്പെക്ടസ് എന്നിവയിൽ സാമ്പത്തിക സംവരണം സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തുന്നതിനായി, മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് 10% സംവരണം അനുവദിച്ച് ഉത്തരവാകണമെന്ന് പരാമർശം -2 ലെ കത്ത് പ്രകാരം ട്രെയിനിംഗ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചു.

2) സർക്കാർ ഇക്കാര്യം പരിശോധിച്ചു. പരാമർശം -1 ലെ സർക്കാർ ഉത്തരവിലെ ഖണ്ഡിക 4 ലെ ക്രമ നമ്പർ 20 ലെ വ്യവസ്ഥ പ്രകാരം വ്യാവസായിക പരിശീലന വകുപ്പിനു കീഴിലെ എല്ലാ ഐ.ടി.ഐ കളിലെയും പ്രവേശനത്തിന് മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് (Economically Weaker Sections) 10% സംവരണം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. 2020-21 പരിശീലന വർഷത്തെ പ്രവേശനവുമായി ബന്ധപ്പെട്ട ഓൺലൈൻ അഡ്മിഷൻ പോർട്ടൽ, പ്രോസ്പെക്ടസ്/അപേക്ഷാഫോറം എന്നിവയിൽ ഇതിനനുസൃതമായ വ്യവസ്ഥകൾ ട്രെയിനിംഗ് ഡയറക്ടർ ഉൾപ്പെടുത്തേണ്ടതാണ്.ഒപ്പം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന കാര്യത്തിൽ പരാമർശം - 1 ലെ ഉത്തരവിലെ മാനദണ്ഡങ്ങളും വ്യവസ്ഥകളും കർശനമായി പാലിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**നിഷ എസ്**

**അഡിഷണൽ സെക്രട്ടറി**

ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ & ഇ) കേരള, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക ( വെബ്ബ്& ന്യൂ മീഡിയ )വകുപ്പ്. (ഗവ. വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature Not Verified
Digitally signed by BINDUMOL THOMAS
Date: 2020.06.16 16:34:42 IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്- ബഹു തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്